പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2153 18.12.2012 ൽ മറുപടിയ്ക്ക്

ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളെന്നും എവിടെയെല്ലാമെന്നും വെളിപ്പെടുത്തുമോ; | (ബി) സ്വാകാര്യ മേഖലയുടെ സഹകരണത്തോടെ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ Build Own Operate & Transfer (BOOT) അടിസ്ഥാനത്തിൽ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനമായി. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ഇലക്ട്രിസിറ്റിബോർഡ് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴിയിൽ ചെറുകിട വൈദ്യുത പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴിയിൽ 6 മെഗാവാട്ട് സ്ഥാപിത ശേഷിയും 24.70 മില്ല്യൻ യൂണിറ്റ് വാർഷിക ഊർജ്ജ ഉല്പാദനവും ലക്ഷ്യമിട്ടുള്ള ഒരു ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കാൻ വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.